# കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്, എറണാകുളം

ജി4/21501/16

തീയതി - 10.11.2016

## സർക്കുലർ നമ്പർ 22/2016-17

വിഷയം - കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിൽ നിന്നും പെൻഷൻ വാങ്ങുന്ന തൊഴിലാളികളുടെ ആധാർ കാർഡ് ബാങ്ക് അക്കൌണ്ടുമായി ബന്ധിപ്പിക്കുന്നത് സംബന്ധിച്ച്

കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിൽ നിന്നും പെൻഷൻ വാങ്ങുന്ന തൊഴിലാളികളുടെ ബാങ്ക് അക്കൌണ്ട് ആധാർ കാർഡുമായി ബന്ധിപ്പിക്കുന്നത് സംബന്ധിച്ച് താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിൽ നിന്നുള്ള എല്ലാ വിധ പെൻഷനുകളും ആധാറുമായി ബന്ധപ്പെടുത്തിയ ബാങ്ക് അക്കൌണ്ട് മുഖേന മാത്രമേ വിതരണം ചെയ്യുകയുള്ളു.

2. പെൻഷൻ വാങ്ങുന്ന എല്ലാ ഗുണഭോക്താക്കളും തങ്ങളുടെ ബാങ്ക് അക്കൌണ്ട് ആധാറുമായി ബന്ധപ്പെടുത്തി വിവരം ബോർഡിന്റെ ബന്ധപ്പെട്ട ഓഫീസിൽ വാക്കാൽ അറിയിക്കേണ്ടതാണ്. ഗുണഭോക്താക്കൾ വിവരം അറിയിക്കുന്ന മുറയ്ക്ക് പെൻഷൻ ഗുണഭോക്താക്കളുടെ പട്ടികയിൽ ഈ വിവരം രേഖപ്പെടുത്തേണ്ടതാണ്.

3. സ്കാറ്റേർഡ് വിഭാഗം പെൻഷൻ വാങ്ങുന്ന എല്ലാ ഗുണഭോക്താക്കളും തങ്ങളുടെ ബാങ്ക് അക്കൌണ്ടുകൾ ആധാറുമായി 20.11.2016 ന് മുൻപായി ബന്ധപ്പെടുത്തേണ്ടതാണ്. ജില്ലാ കമ്മിറ്റി ചെയർമാൻമാർ 21.11.2016 നു ശേഷം പെൻഷൻ ഗുണഭോക്താക്കളുടെ പേരും അക്കൌണ്ട് വിവരങ്ങളും അടങ്ങിയ പട്ടികബന്ധപ്പെട്ട ബാങ്കുകളിൽ നൽകി അക്കൌണ്ടുകൾ ആധാറുമായി ബന്ധപ്പെടുത്തിയിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

4. ജില്ലാ കമ്മിറ്റി ഓഫീസുകളിൽ നിന്നും പെൻഷൻ ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കി ആധാർ ബന്ധപ്പെടുത്തിയ വിവരം നേരിട്ടോ, ഫോണിലോ ഗുണഭോക്താക്കൾ അറിയിക്കുന്ന മുറയ്ക്ക് ഈ പട്ടികയിൽ രേഖപ്പെടുത്തേണ്ടതാണ്. ഇതു സംബന്ധിച്ചുള്ള യാതൊരു രേഖയോ അപേക്ഷകളോ കുറിപ്പുകളോ തൊഴിലാളികളിൽ നിന്നും വാങ്ങാൻ പാടില്ല.

5. പെൻഷൻ വിതരണം ചെയ്യുമ്പോൾ ആധാറുമായി ബന്ധപ്പെടുത്തിയ അക്കൌണ്ടിൽ മാത്രമേ തുക നിക്ഷേപിക്കാവൂ എന്ന് ബാങ്കുകൾക്ക് നിർദ്ദേശം നൽകേണ്ടതാണ്.